**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 15** **04.06.2018-ൽ മറുപടിക്ക്**

# സർക്കാർ ഓഫീസുകളിലെ ഒഴിവുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഹൈബി ഈഡൻ** | | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) | സർക്കാർ ഓഫീസുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ യഥാ സമയം റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ ഈ സർക്കാർ എന്തെങ്കിലും ശിക്ഷാ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിൽ അലംഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കേസ്സുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും വിശദീകരണം തേടുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കില്ലായെന്ന് ഉറപ്പു വരുത്തുകയും ചെയ്തുവരുന്നുണ്ട്. |
| (ബി) | ഒഴിവുകൾ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) & (സി) | വകുപ്പുകളിലെ നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നതിനായി എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഇന്റൻസീവ് വേക്കൻസി റിപ്പോർട്ടിംഗ് ക്യാമ്പെയിനിന്റെ ഭാഗമായി 2016 ഡിസംബർ മാസത്തിലും 2017 മേയ് മാസത്തിലും 2018 ജനുവരി മാസത്തിലുമായി മൂന്ന് ഘട്ടങ്ങളിൽ സംസ്ഥാനത്തെ ജില്ലാ ഓഫീസുകളിലും ഡയറക്ടറേറ്റുകളിലും അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ പരിശോധന നടത്തുകയും ടി കാലയളവിൽ നിലവിലുണ്ടായിരുന്ന പരമാവധി ഒഴിവുകൾ പി.എസ്.സി യിലേക്ക് റിപ്പോർട്ട് ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മാത്രവുമല്ല ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നില്ലായെന്ന് ചൂണ്ടിക്കാട്ടിയുള്ള ഉദ്യോഗാർത്ഥികളുടെ പരാതികളിന്മേലും അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ നേരിട്ടന്വേഷണം നടത്തി ഒഴിവുകൾ റിപ്പോർട്ടു ചെയ്യിക്കാറുണ്ട്. |
| (സി) | ഇല്ലെങ്കിൽ ഒഴിവുകൾ യഥാ സമയം റിപ്പോർട്ട് ചെയ്യുന്നതിനുള്ള അടിയന്തര നടപടി കൈക്കൊള്ളാൻ നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ ? | | |

**സെക്ഷൻ ആഫീസർ**